# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*
*(ഹാജർ. എൻ.പത്മകുമാർ,ഐ.എ.എസ്.)*

**എൽ.ആർ.എൻ1/400/2018** **തീയതി 31-05-2018**

വിഷയം : റവന്യൂ വകുപ്പ് - ഹയർ സർവ്വെ പരിശീലനം -തിരുവനന്തപുരം, കോഴിക്കോട് കേന്ദ്രങ്ങൾ- ജീവനക്കാരെ പരിശീലന പരിപാടിയിൽ നിന്ന് ഒഴിവാക്കുന്നതും നടപടിക്രമം പുനഃക്രമീകരിക്കുന്നതും സംബന്ധിച്ച്

സൂചന :
1) ഈ കാര്യാലയത്തിലെ 25-05-2018 -ലെ എൽ.ആർ.(എൻ.1) 400/2016 നമ്പർ നടപടിക്രമം
2) ആലപ്പുഴ ജില്ലാ കളക്ടറുടെ 28-05-2018-ലെ എ.1-200/18 നമ്പർ കത്ത്.
3) പത്തനംതിട്ട ജില്ലാ കളക്ടറുടെ 28-05-2018 ലെ ഡിസി. പി.റ്റി.എ./ 16/18/ എസ്.2 നമ്പർ കത്ത്.
4) പാലക്കാട് ജില്ലാ കളക്ടറുടെ 30-05-2018 ലെ ഫോൺ സന്ദേശം
5) തൃശ്ശൂർ ജില്ലാ കളക്ടറുടെ 30-05-2018 ലെ ഫോൺ സന്ദേശം
6) മലപ്പുറം ജില്ലാ കളക്ടറുടെ 30-05-2018 ലെ ഫോൺ സന്ദേശം
7) കോഴിക്കോട് ജില്ലാ കളക്ടറുടെ 30-05-2018 ലെ DCKKD/3168/2017-A5 നമ്പർ ഇ-മെയിൽ സന്ദേശം

സൂചന (1) പ്രകാരമുള്ള നടപടിക്രമം പ്രകാരം തിരുവനന്തപുരം, കോഴിക്കോട് **കേന്ദ്രങ്ങളിൽ** 01-06-2018 മുതൽ 31-07-2018 വരെ നടക്കുന്ന ഹയർ സർവ്വെ പരിശീലനത്തിനായി ജീവനക്കാരെ നിയോഗിച്ചുത്തരവായിരുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ നിന്ന് ഒഴിവാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ (2) മുതൽ (6) വരെയുള്ള സൂചനകൾ പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ശുപാർശകൾ സമർപ്പിച്ചിരുന്നു. ജില്ലാ കളക്ടർമാരുടെ ശുപാർശകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സുചന (1) പ്രകാരമുള്ള നടപടിക്രമത്തിലെ , തിരുവനന്തപുരം കേന്ദ്രത്തിലെ, 4,5,8,9,10,11,12,13,34,35,36 എന്നീ ക്രമ നമ്പരിൽപ്പെട്ട ജീവനക്കാരെയും കോഴിക്കോട് കേന്ദ്രത്തിലെ, 1,2,3,5,6,8,20 എന്നീ ക്രമ നമ്പരിൽപ്പെട്ട ജീവനക്കാരെയും അതത് കേന്ദ്രങ്ങളിലെ ഹയർ സർവ്വെ പരിശീലനത്തിൽ നിന്നൊഴിവാക്കികൊള്ളുന്നു.

ആലപ്പുഴ ജില്ലയിൽ നിന്നുള്ള വില്ലേജ് ഓഫീസർ ശ്രീ.സുനിൽകുമാർ (ക്രമ നമ്പർ 11),പാല ക്കാട് ജില്ലയിൽ നിന്നും നിയോഗിച്ച ശ്രീമതി.വിക്ടോറിയ ബി.(ക്രമ നമ്പർ 28),ശ്രീമതി കുമാരി ബിന്ദു (ക്രമ നമ്പർ 31) എന്നിവർക്ക് പരിശീലനത്തിന് മുമ്പ് അവസരം ലഭിച്ചതിനാൽ പരിശീലന ത്തിൽ നിന്നും ഒഴിവാക്കുന്നു.

മലപ്പുറം ജില്ലയിൽ നിന്നും തിരുവനന്തപുരം പരിശീലന കേന്ദ്രത്തിൽ ക്രമ നമ്പർ (27) **ആയി നിയോഗിച്ചിട്ടുള്ള** ശ്രീ.ഹരികൃഷ്ണൻ ശർമ്മ, വില്ലേജ് ഓഫീസർ നിലവിൽ തൃശ്ശൂർ ജില്ലയി ലേക്ക് സ്ഥലം മാറിപ്പോയതിനാൽ തൃശ്ശൂർ ജില്ലാ കളക്ടർ ടിയാനെ പരിശീലനത്തിനായി വിടുതൽ ചെയ്യേണ്ടതാണ്.

തിരുവനന്തപുരം/കോഴിക്കോട് പരിശീലന കേന്ദ്രങ്ങളിലെ പരിശീലനാർത്ഥികളുടെ പട്ടിക താഴെ പറയും പ്രകാരം ഒഴിവാക്കിയും കൂട്ടിച്ചേർത്തും പരിഷ്ക്കരിച്ച് ഉത്തരവാകുന്നു.

**തിരുവനന്തപുരം**

| ക്രമ നം. | റിലിങ്കിഷ് ചെയ്തവർ | 20/03/2018 ലെ എൽ.ആർ. എൻ1-400/2018 നടപടിക്രമത്തി ലെ ക്രമ.നം. | പകരം നിയോഗിക്കപ്പെട്ട വർ | PEN നമ്പർ | ഉദ്യോഗ പ്പേര് | ജില്ല |
|---|---|---|---|---|---|---|
| 1 | പ്രദീപ്കുമാർ | 4 | താര സി | | വില്ലേജ് ഓഫീസർ | കൊല്ലം |
| 2 | സുനു സാമുവൽ | 5 | ബാബു ആർ. | | വില്ലേജ് ഓഫീസർ | തൃശ്ശൂർ |
| 3 | സിജു ജെ. | 8 | പ്രിയ ആർ | | വില്ലേജ് ഓഫീസർ | തൃശ്ശൂർ |
| 4 | ബിജുമോൻ പി. | 9 | ശ്രീവത്സൻ എൻ.ആർ | | വില്ലേജ് ഓഫീസർ | പാലക്കാട് |
| 5 | ബിനു ജി. | 10 | സുമേഷ് ബാബു | 348404 | വില്ലേജ് ഓഫീസർ | കാസർഗോഡ് |
| 6 | കിഷോർ ഖാൻ എം.എ. | 12 | -ഇല്ല- | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 7 | സുനിൽ കെ. | 13 | -ഇല്ല- | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 8 | രമേശൻ കെ. | 34 | -ഇല്ല- | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 9 | സുരേഷ് ബാബു. | 35 | -ഇല്ല- | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 10 | നാരായണ ജി. | 36 | -ഇല്ല- | -ഇല്ല- | -ഇല്ല- | -ഇല്ല- |

**കോഴിക്കോട്**

| ക്രമ നം. | റിലിങ്കിഷ് ചെയ്തവർ | 20/03/2018 ലെ എൽ.ആർ. എൻ1-400/2018 നടപടിക്രമ ത്തിലെ ക്രമ.നം. | പകരം നിയോഗിക്ക പ്പെട്ടവർ | PEN നമ്പർ | ഉദ്യോഗ പ്പേര് | ജില്ല |
|---|---|---|---|---|---|---|
| 1 | സിനിമോൾ പി.എ. | 1 | ജാഫർ സി.ആർ. | | വില്ലേജ് ഓഫീസർ | തൃശ്ശൂർ |
| 2 | രുഗ്മിണി ദേവി സി.സി. | 2 | -ഇല്ല- | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 3 | അഞ്ജന വർമ്മ ആർ. എസ്. | 3 | -ഇല്ല- | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 4 | രജിത്ത് വി.എസ്. | 5 | -ഇല്ല- | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 5 | മുസ്തഫ കൂത്രാടൻ | 6 | -ഇല്ല- | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 6 | ഷാജി മണി | 8 | -ഇല്ല- | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 7 | രമേഷ് കെ. | 20 | -ഇല്ല- | -ഇല്ല- | -ഇല്ല- | -ഇല്ല- |

തിരുവനന്തപുരം കേന്ദ്രത്തിൽ പരിശീലനം റിലിങ്കിഷ് ചെയ്ത ജീവനക്കാർക്ക് പകരം നിയോഗിച്ച ജീവനക്കാരെ 02-06-2018 ന് രാവിലെ 10- മണിയ്ക്ക് സർവ്വെയും ഭൂരേഖയും വകുപ്പ്

**അസിസ്റ്റന്റ്** ഡയറക്ടർ സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം, **മുമ്പാകെ** ഹാജരാകണമെന്നുള്ള നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ/ജില്ലാ കളക്ടർമാർ വിടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാർ ഇതിനു മുമ്പ് ഹയർ സർവ്വെ പരിശീലനം നേടിയിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

സൂചന (7) പ്രകാരം കോഴിക്കോട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിപ്പ വൈറസ് ബാധിച്ച കേസ്സുകൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജില്ലയിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 05-06-2018 വരെ അവധി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനാൽ കോഴിക്കോട് കേന്ദ്രത്തിൽ ആരംഭിക്കാനിരുന്ന ഹയർ പരിശീലനം 06-06-2018 ലേക്ക് മാറ്റി വച്ചിരിക്കുന്നു.

**മറ്റൊരറിയിപ്പുണ്ടാകുന്നതുവരെ കോഴിക്കോട് പരിശീലന കേന്ദ്രത്തിൽ നിയോഗിച്ച ജീവനക്കാരെ ബന്ധപ്പെട്ട അധികാരികൾ വിടുതൽ ചെയ്യേണ്ടതില്ല.**

പരിശീലനത്തിനായി നിയോഗിക്കപ്പെട്ട വിവരവും പരിശീലനം സ്വമേധയ പരിത്യജിച്ച വിവരവും സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

മേൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരെ പരിശീലനത്തിനായി വിടുതൽ ചെയ്ത വിവരവും ഇവർ പരിശീലനത്തിനായി ഹാജരായ വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ കാര്യാലയത്തിൽ യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ്)
**ജോയിന്റ് കമ്മീഷണർ**

കക്ഷികൾക്ക്

(ജില്ലാ കളക്ടർ മുഖാന്തിരം)

പകർപ്പ്

1. ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം
2. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം.
3. അസിസ്റ്റന്റ് ഡയറക്ടർ സർവ്വെ റേഞ്ച് ഓഫീസ്, കോഴിക്കോട്
4. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക്
5. ഐ.ടി. സെൽ
6. കരുതൽ ഫയൽ.

**അംഗീകാരത്തോടെ**

സൂപ്രണ്ട്